Draft #5 of File ACAIV/2/BOS LAW(UG)/2018 Approved by ASSISTANT REGISTRAR II ACADEMIC on 24-Jan-2019 03:33 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

പഞ്ചവത്സര ബി.എ, എൽ.എൽ.ബി (ക്രിമിനോളജി) ഓണേഴ്സ് (2011 അഡ്മിഷൻ ബാച്ച് ), പഞ്ചവത്സര ബി.എ, എൽ.എൽ.ബി (2012 അഡ്മിഷൻ ബാച്ച് )- ഇന്റേർണൽ റീഡു - ബഹു.കേരള ഹൈക്കോടതി വിധിയിന്മേൽ - ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ലോ (യു.ജി )-യുടെ ശുപാർശകൾ - അംഗീകരിച്ചു - ഉത്തരവാകുന്നു .

---

**അക്കാദമിക് എ 4 സെക്ഷൻ**

നമ്പർ. 248/2019/MGU-ADMINISTRATION                    പി.ഡി ഹിൽസ് ,തീയതി: 28.01.2019

---

പരാമർശം:-1.ശ്രീ. അഫ്സൽ കെ.എച്ച് & others ഫയൽ ചെയ്ത WP(C) No. 23372/2018 -ൻ മേൽ ബഹു.കേരള ഹൈക്കോടതി 08.10.2018-ൽ പുറപ്പെടുവിച്ച വിധിന്യായം .

2.ശ്രീ. രാകേഷ് ലിയോ & others ഫയൽ ചെയ്ത WP(C) No. 35381 /2018 -ൻ മേൽ ബഹു.കേരള ഹൈക്കോടതി 30.10.2018-ൽ പുറപ്പെടുവിച്ച വിധിന്യായം .

3. 22.10.2018-ൽ ചേർന്ന ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ലോ (യു.ജി) യോഗത്തിന്റെ ശുപാർശകൾ .

**ഉത്തരവ്**

പഞ്ചവത്സര ബി.എ, എൽ.എൽ.ബി (ക്രിമിനോളജി) ഓണേഴ്സ് കോഴ്സ് (2011 അഡ്മിഷൻ ബാച്ച് ) വിദ്യാർത്ഥികളായ ശ്രീ. അഫ്സൽ കെ.എച്ച് തുടങ്ങി ആറ് വിദ്യാർത്ഥികൾ ഫയൽ ചെയ്ത WP(C) No. 23372/2018 -ൻ മേൽ പരാമർശം (1) വിധിന്യായം അനുസരിച്ച് , ടിയാളുകൾക്ക് ഇന്റേർണൽ റീഡു ചെയ്യുന്നതിന് ഒരവസരം കൂടി ടി കോഴ്സിന്റെ സർവകലാശാല വ്യവസ്ഥകളിൽ ഇളവ് വരുത്താതെതന്നെ മാനുഷികപരിഗണന നൽകി അനുവദിയ്ക്കണമെന്ന് ബഹു.കേരള ഹൈക്കോടതി ഉത്തരവായിട്ടുണ്ട്.

പഞ്ചവത്സര ബി.എ, എൽ.എൽ.ബി കോഴ്സ് (2012 അഡ്മിഷൻ ബാച്ച് ) ശ്രീ . രാകേഷ് ലിയോ &ശ്രീമതി . ഖദീജത് റുക്സാന എന്നിവർ ഫയൽ ചെയ്ത WP(C) No. 35381 /2018 -ൻ മേൽ പരാമർശം (2) വിധിന്യായം അനുസരിച്ച് ടി ബാച്ചിലെ സമാന സാഹചര്യത്തിലുള്ള എല്ലാ വിദ്യാർത്ഥികൾക്കും ഇന്റേർണൽ റീഡു ചെയ്യുന്നതിന് ഒരു അവസരം കൂടി നൽകുവാനും ബഹു.കേരള ഹൈക്കോടതി ഉത്തരവായിട്ടുണ്ട്.

ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ച വൈസ്ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ ടി കോടതി വിധികൾ നടപ്പാക്കുന്നതിനും ഇന്റേണൽ റീഡു നടത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ലോ (യു.ജി)-യുടെ ചെയർമാന്റെ അഭിപ്രായം തേടുന്നതിന് 29/11/2018-ൽ ഉത്തരവാകുകയും തുടർന്ന് 22/12/2018-ൽ

ചേർന്ന ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ലോ (യു.ജി) ടി വിഷയം ചർച്ച ചെയ്യുകയും ,പരാമർശം (3) പ്രകാരം താഴെ പറയുന്ന ശുപാർശകൾ പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്തു.

As per the decisions of the Hon. High Court in wp (c) nos 23372 and 35381 of 2018, the petitioners were allowed to redo the internal examination of the BA Criminology LL.B (Hons) course as a special case . The said order was against the existing rules of the course. The Board considered the decision of the Hon. High Court of Kerala and permitted the petitioners of the writ petitions and eligible students of the similar batches to redo the internal examination as a special case. The Board recommended redoing of internal examination subject to the following conditions for the purpose of maintaining the efficiency and quality of Legal Education. The Board's recommendation is made after taking into the consideration the provisions of the professional courses like B.tech and B.arch

a. Petitioners and the other eligible students of the similar batches of BA Criminology LL.B (Hons) and BA ,LL.B are permitted to redo the internal assessment of subjects within a period of one year from the date of University Order.

b.For theory subjects Internal redo shall be applicable to the students who secured less than 30% of total internal marks (8 marks) and 50 % in the case of internal marks for practical papers.

c.Applicants will be given only one attempt per subject.

d.Separate application shall be made to the University after the remittance of Rs.1250/-per subject for the purpose of internal redo examinations.

ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ലോ (യു.ജി) -യുടെ ടി ശുപാർശകൾ വിശദമായി പരിശോധിച്ച വൈസ്ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ ടി വിഷയം അക്കാദമിക് കൗൺസിലിന്റെ പരിഗണയ്ക്ക് സമർപ്പിക്കുവാൻ 10.01.2019-ൽ ഉത്തരവായിരുന്നു.

എന്നാൽ വിഷയത്തിന്റെ അടിയന്തിരസ്വഭാവം പരിഗണിച്ച വൈസ്ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ, ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ലോ (യു.ജി) -യുടെ ടി ശുപാർശകൾ ,പരിഗണിക്കുകയും , 1985 -ലെ മഹാത്മാഗാന്ധി സർവകലാശാല നിയമം അദ്ധ്യായം (III), വകുപ്പ് 10(17) പ്രകാരം അംഗീകരിക്കുകയും ചെയ്തിരിക്കുന്നു .

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു

RAMESH NARAYAN

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)

Draft #5 of File ACAIV/2/BOS LAW(UG)/2018 Approved by ASSISTANT REGISTRAR II ACADEMIC on 24-Jan-2019 03:33 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

പകർപ്പ്

1.വൈസ് ചാൻസിലറുടെ / പ്രൊ വൈസ് ചാൻസിലറുടെ പി .എസ്സ് -മാർ

2 . രജിസ്ട്രാറുടെ /പരീക്ഷ കൺട്രോളറുടെ പി .എ -മാർ

3 .ചെയർമാൻ / മെമ്പേഴ്സ് , ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ലോ (യു.ജി ).

4 . പ്രിൻസിപ്പാൾ ,ഗവ .ലോ കോളേജ് എറണാകുളം

5 . ബന്ധപ്പെട്ട വ്യക്തികൾ .

6 . സ്റ്റാന്റിംഗ് കൗൺസിൽ (ലീഗൽ സെക്ഷൻ വഴി )

7 . ജെ.ആർ / ഡി .ആർ / എ.ആർ (അക്കാദമിക് / പരീക്ഷ )

8 .ഇ.ഐ XXX VII സെക്ഷൻ / ഇ.ബി II / ഇ .ഐ I/ II സെക്ഷൻ

9 . എ .സി.സി I/ II / കണ്ടെന്റ് മാനേജ്മെൻറ് സെക്ഷനുകൾ

10 .റെക്കോർഡ് സെക്ഷൻ / ഫയൽ കോപ്പി /സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #5 of File ACAIV/2/BOS LAW(UG)/2018 Approved by ASSISTANT REGISTRAR II ACADEMIC on 24-Jan-2019 03:33 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം